?

**സി.പി.ഐ.(എം) പാർട്ടി സഖാക്കൾക്കു തന്നെയുള്ള ആശങ്കകളകറ്റാൻ ചാലക്കുടിയിൽ നടന്ന അതിരപ്പിള്ളി വിശദീകരണ യോഗത്തിൽ വൈദ്യുതി വകുപ്പുമന്ത്രി എ. കെ. ബാലനോടുള്ള ഈ ചോദ്യങ്ങളിലൂടെ കെ.എസ്.ഇ.ബി.യുടെയും സർക്കാരിന്റേയും ഇടതുപക്ഷത്തിന്റേയും തട്ടിപ്പാണ് ഉത്തരമില്ലാതെ പോകുന്നത്.**

# വൈദ്യുതി മന്ത്രി ബാലനോട്?!

ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം

**അതിരപ്പിള്ളി പദ്ധതി - സാമ്പത്തികം**

1. 2000-ൽ എച്ച്.സി.സി., ബി.എച്ച്.ഇ.എൽ. കൺസോർഷ്യത്തിന് 415 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്തില്ലേ?

2. അഞ്ചുവർഷത്തിന് ശേഷം 2005-ൽ 30 കോടി രൂപ കുറവിൽ (385.63 കോടി രൂപയ്ക്ക്) പദ്ധതി പൂർത്തിയാക്കാമെന്ന് കെ.എസ്.ഇ.ബി.യുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലല്ലേ കേന്ദ്രവൈദ്യുതി അതോറിറ്റി പദ്ധതിക്ക് സാങ്കേതിക-സാമ്പത്തിക അനുമതി നൽകിയത്? ഇപ്പോൾ ഈ പദ്ധതി ടെണ്ടർ ചെയ്യുകയാണെങ്കിൽ സർക്കാർ പ്രതീക്ഷിക്കുന്ന ചെലവെത്ര?

3. 399.31 കോടി രൂപ പദ്ധതിച്ചെലവും കടമെടുക്കുന്ന തുകയ്ക്ക് (80%) 9 ശതമാനം പലിശനിരക്കും കണക്കാക്കിയാൽ ഇവിടെ നിന്നുള്ള വൈദ്യുതിക്ക് ഒന്നാംവർഷം യൂണിറ്റിന് 4 രൂപ 40 പൈസയും ലെവലൈസ്ഡ് താരിഫ് 2 രൂപ 99 പൈസയും വരുമെന്നും ഇത് വളരെ കൂടുതലാണെന്നും കേന്ദ്രവൈദ്യുതി അതോറിറ്റി പറഞ്ഞില്ലേ?

4. പദ്ധതിച്ചെലവ് 400 കോടി രൂപയാണെങ്കിൽപ്പോലും വൈദ്യുതിനിരക്ക് ഉയർന്നതായിരിക്കുമെന്ന് കേന്ദ്രവൈദ്യുതി അതോറിറ്റി തന്നെ പറഞ്ഞിരിക്കുന്ന സ്ഥിതിയിൽ, ടെണ്ടർ തുക 500 കോടി രൂപയെങ്കിലുമായാൽ (ഇത് ചുരുങ്ങിയത് 600-650 കോടി രൂപയെങ്കിലുമാകും) ഈ പദ്ധതിയിൽനിന്നുള്ള വൈദ്യുതിക്ക് ഉയർന്ന വിലയാകുമെന്ന് പൊതുജനങ്ങളോട് സമ്മതിക്കാൻ ബഹു. മന്ത്രി തയ്യാറാകുമോ?

5. അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കിയാൽ നിലവിൽ പെരിങ്ങൽക്കുത്തിൽനിന്ന് ഇടമലയാറിലേക്ക് കൊണ്ടുപോകുന്ന വെള്ളം നിർത്തലാക്കുന്നതിനാൽ പ്രതിവർഷം 600 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദന നഷ്ടമുണ്ടാകുകയും 225-250 ദശലക്ഷം ഘനമീറ്റർ വെള്ളത്തിന്റെ കുറവുണ്ടാവുകയും ചെയ്യുമെന്ന വസ്തുത സി.ഇ.എ.യെയും സി.ഡബ്ല്യു.സി.യെയും എം.ഒ.ഇ.എഫിനെയും അറിയിച്ചിട്ടുണ്ടോ?

6. അതിരപ്പിള്ളിയിലെ വൈദ്യുതനിരക്ക് കണക്കാക്കുമ്പോൾ ഇടമലയാറിലെ നഷ്ടം കണക്കിലെടുക്കാതിരുന്നതെന്തുകൊണ്ട്?

**അതിരപ്പിള്ളി പദ്ധതി - ജലലഭ്യത**

7. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കാധാരമായി നേരത്തെ 1940-41 മുതൽ 1995-96 വരെയുള്ള നീരൊഴുക്കിന്റെ കണക്കുകളാണല്ലോ കൊടുത്തിരിക്കുന്നത്. ഇത് കേന്ദ്രം പിന്നീട് തള്ളിക്കളയാൻ കാരണമെന്ത്?

8. പുതുതായി കൊടുത്ത, 1970-71 മുതൽ 2001-02 വരെയുള്ള പെരിങ്ങൽക്കുത്തിലെ കണക്കുകൾ നേരത്തെ നൽകിയ കണക്കിൽനിന്ന് വ്യത്യസ്തമായതിന് കാരണം വിശദീകരിക്കാമോ? ഈ രണ്ട് കണക്കുകകളിൽ ഏതെങ്കിലും ഒന്നിനെ ശരിയെന്ന് പറയാൻ മന്ത്രി തയ്യാറുണ്ടോ?

9. തെറ്റായ കണക്കുകൾ ബഹു. ഹൈക്കോടതിയിലടക്കം സമർപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകുമോ?

10. കെ.എസ്.ഇ.ബി. 1990കളിൽ കമ്മീഷൻ ചെയ്ത പദ്ധതികളിലെല്ലാം തന്നെ എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ ഉയർന്ന തുക ചെലവായിട്ടുണ്ട്. ഇക്കാര്യം താങ്കൾക്ക് നിഷേധിക്കാമോ? ഇതിനെന്ത് വിശദീകരണമാണുള്ളത്?

11. പുഴയിലെ നീരൊഴുക്കിനെ സംബന്ധിച്ച് കെ.എസ്.ഇ.ബി. നേരത്തെ കൊടുത്തിരുന്ന കണക്കുകൾ പ്രകാരം വർഷത്തിൽ എല്ലാസമയവും, പുതുക്കിയ കണക്കുകൾ പ്രകാരം പോലും വർഷത്തിൽ 10 മാസവും ബോർഡ് ഇപ്പോൾ തുറന്നുവിടാമെന്നു പറയുന്ന സെക്കന്റിൽ 7560 ലിറ്ററിനേക്കാൾ വളരെ കൂടിയ നീരൊഴുക്ക് വെള്ളച്ചാട്ടങ്ങളിലൂടെ വൈകുന്നേരം ഒഴികെയുള്ള സമയത്തുപോലും ഉള്ളതായി കണക്കുകൾ തെളിയിക്കുന്നുവെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

| | | വർഷം | നിശ്ചയിച്ച തുക | ചിലവായ തുക | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|---|
| 1 | കല്ലട | 93-94 | 11.8 | 18.02 | 6.22 | 52.71 |
| 2 | ലോവർ പെരിയാർ | 97-98 | 88.43 | 353.04 | 264.61 | 299.23 |
| 3 | അഴുത ഡൈവെർഷൻ | 1998 | 2.9 | 14.46 | 11.56 | 398.62 |
| 4 | കക്കാട് | 1999 | 18.6 | 153.52 | 134.92 | 725.38 |
| 5 | പെരിങ്ങൽ എക്സ്റ്റൻഷൻ | 1999 | 9.02 | 42.73 | 33.71 | 373.73 |
| 6 | കുറ്റ്യാടി എക്സ്റ്റെൻഷൻ | 2000 | 30.73 | 198.00 | 167.27 | 544.32 |

12. ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുവാനും വെള്ളച്ചാട്ടങ്ങളിലെ നീരൊഴുക്കിൽ കുറവുവരുമെന്ന് ബോധ്യപ്പെടുന്ന പക്ഷം ഇക്കാര്യം പൊതുജനസമക്ഷം അംഗീകരിക്കാനും തയ്യാറാകുമോ?

13. തുമ്പൂർമുഴിയിൽ ജലസേചനത്തിന് വെള്ളം ആവശ്യമുള്ള ഡിസംബർ മുതലുള്ള മാസങ്ങളിൽ ഡാം ടോ പവർഹൗസിലൂടെ 7650 ലിറ്ററും വൈകുന്നേരത്തെ പീക്ക് സമയത്ത് നിലവിൽ പെരിങ്ങൽകുത്തിലെ ഉല്പാദനത്തിന് തുല്യമായ വെള്ളവും മാത്രം ഉപയോഗിക്കുകയുള്ളൂവെന്ന് ഇപ്പോൾ ബോർഡിനോട് അടുപ്പമുള്ള ചില വൃത്തങ്ങൾ സൂചിപ്പിക്കുന്നു. അങ്ങനെയാണെങ്കിൽ ആ സമയത്തെ ബാക്കി വെള്ളം എന്തുചെയ്യുമെന്ന് വ്യക്തമാക്കാമോ?

14. വൈകുന്നേരങ്ങളിൽ കൂടുതൽ ജലം ഉപയോഗിക്കുകയാണെങ്കിൽ ജലസേചനത്തിന് അത് ഉപയുക്തമാകില്ലെന്ന് അങ്ങേയ്ക്കറിയാമോ?

15. ഈ പദ്ധതി മൂലം നഷ്ടപ്പെടുന്ന വനമേഖലയുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന പ്രസിദ്ധീകൃതമായതും എന്നാൽ പഠനം നടത്തിയെന്നവകാശപ്പെടുന്ന സ്ഥാപനങ്ങൾ കാണാത്തതുമായ രേഖകൾ പരിശോധിക്കാൻ അങ്ങ് തയ്യാറാകുമോ?

16. നിയമപരമായി ലഭിക്കേണ്ടിയിരിക്കുന്ന വേദികൾ പോലും ലഭ്യമാക്കാൻ ബഹു. ഹൈക്കോടതി ഇടപെടേണ്ടിവന്നുവെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

*'ചൈതന്യ', മുഴിക്കക്കടവ്, പരിയാരം പി.ഒ., ചാലക്കുടി.*

പരിപാടി

# പ്രകൃതി വിഭവങ്ങളുടെമേൽ ജനങ്ങളുടെ അധികാരം സ്ഥാപിക്കാൻ

# ജനദേശ് – 2007

ഏകതാ പരിഷത്തിന്റെ നേതൃത്വത്തിൽ ജനാദേശ്-2007 എന്ന ജനകീയ പ്രക്ഷോഭം ഈ ഗാന്ധിജയന്തി ദിനത്തിൽ 25000 പേർ പങ്കെടുക്കുന്ന ഗ്വാളിയോറിൽനിന്നും ഡൽഹിയിലേക്കുള്ള പദയാത്രയോടെ ആരംഭിക്കും. അഹിംസാത്മക മുന്നേറ്റത്തിന്റെ മുദ്രാവാക്യങ്ങളോടെ പ്രകൃതിവിഭവങ്ങളുടെമേൽ (ഭൂമി, വനം, ജലം) ജനങ്ങളുടെ അധികാരം സ്ഥാപിക്കാൻ വേണ്ടിയുള്ള ഈ പദയാത്ര ഡൽഹിയിൽ എത്തുമ്പോൾ ഒരു ലക്ഷം പേരുടെ ഉപരോധവും തുടർന്ന് മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ രാജ്ഘട്ടിൽ അനിശ്ചിതകാല സത്യാഗ്രഹവുമായാണ് സംഘടിപ്പിച്ചിരിക്കുന്നത്. ദേശീയ ഭൂമി അതോറിറ്റി രൂപീകരിക്കുക, ഭൂരഹിതരായ എല്ലാവർക്കും ഭൂമിയിന്മേൽ അധികാരം നൽകുക, വനഭൂമിയിൽ വനവാസികൾക്ക് ഉടമസ്ഥാവകാശം ഉറപ്പാക്കുക. ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തൊഴിൽ നിയമങ്ങൾ കൊണ്ടുവരുക, ദളിത്-ആദിവാസി നീതി, ദരിദ്രകർഷകർക്ക് നീതി, ദളിത്, സ്ത്രീ, ആദിവാസി വിഭാഗങ്ങൾക്കുമേൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പോലീസ് എന്നിവരുടെ പീഡനം അവസാനിപ്പിക്കുക കൃഷിയോഗ്യമായ മുഴുവൻ ഭൂമിയും കാർഷിക വൃത്തിക്കുപയോഗിക്കുക എന്നിവയാണ് ജനാദേശ്-2007 ന്റെ ലക്ഷ്യങ്ങൾ.

പ്രകൃതി വിഭവങ്ങളുടെ മേലുള്ള അധികാര പ്രശ്നത്തിലേക്കും, രാഷ്ട്രീയ വ്യവസ്ഥയുടെ പൊള്ളത്തരത്തിലേക്കും വികസനത്തിന്റെ, നാഗരികതയുടെ ജനവിരുദ്ധതയിലേയ്ക്കുമാണ് ജനാദേശ്-2007 പ്രധാനമായും വിരൽചൂണ്ടുന്നത്.

പ്രതിസന്ധികളിൽനിന്നും പ്രതിസന്ധികളിലേക്ക് നീങ്ങുന്ന കേരളത്തിനും ജനാദേശ്-2007 ന്റെ സന്ദേശങ്ങൾ അവഗണിക്കാൻ കഴിയാത്തതാണ്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയിട്ട് പോലും കേരളത്തിൽ നിലനിൽക്കുന്ന ഭൂരഹിതരുടെ അവകാശ പ്രശ്നങ്ങൾ ജനാദേശ് എടുത്തുകാട്ടുന്നു. റിയൽ എസ്റ്റേറ്റ് മാഫിയകൾ രാഷ്ട്രീയ കക്ഷികളെ നിയന്ത്രിക്കുന്നതോടെ കേരളത്തിലെ ഭൂമി പ്രശ്നങ്ങൾക്കുമേലുള്ള ഊന്നലുകൾക്ക് മാറ്റം സംഭവിച്ച് കഴിഞ്ഞു. ഭൂമിയുടെ വിതരണത്തിന്റെ മാത്രമല്ല, ഭൂവിനിയോഗത്തിന്റെകൂടി പ്രശ്നമാണ് കേരളത്തിലെ ഭൂമി പ്രശ്നങ്ങൾ, ജനാദേശ് ഓർമ്മിപ്പിക്കുന്നു. നഗരങ്ങൾ വികസിക്കുന്തോറും പരിഹരിക്കാൻ കഴിയാതാകുന്ന മാലിന്യ പ്രശ്നങ്ങളെ നേരിടേണ്ട വിധവും പുതിയ ഇനം പനികളിൽനിന്നും രക്ഷനേടാനുള്ള പ്രതിരോധ പദ്ധതികളും കൊതുകു നിവാരണത്തിനുള്ള മാർഗ്ഗങ്ങളും, സ്കൂൾ വിദ്യാഭ്യാസത്തിന് മുൻഗണന ലഭിക്കാതെ കച്ചവട പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പ്രാധാന്യം ലഭിക്കുന്ന സ്ഥിതിയും, മാനുഷിക മൂല്യമുള്ള വിദ്യാഭ്യാസ പദ്ധതികൾ വികസിപ്പിച്ചെടുക്കുന്നതിനെക്കുറിച്ചും, നദി സംരക്ഷണത്തെപ്പറ്റിയും, അനിയന്ത്രിതമായ കെട്ടിട വാഹനപ്പെരുപ്പത്തെപ്പറ്റിയും, ലഹരി നിയന്ത്രണത്തെക്കുറിച്ചും ജനാദേശ്-2007 കേരളത്തിന്റെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുന്നു. ഈ ദുഷ്പ്രവണതകളെല്ലാം തടയാൻവേണ്ടി പഞ്ചായത്തീരാജ് സംവിധാനത്തേയും ഗ്രാമസഭകളെയും കാര്യക്ഷമമാക്കാനും സഹകരണമേഖലയെ ശക്തിപ്പെടുത്താനും അതിന്റെ പ്രവർത്തനം വിപണന ബാങ്കിങ്ങ് വിദ്യാഭ്യാസ രംഗത്തിന് പുറത്തേക്ക് വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾക്കും ജനാദേശ്-2007 ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം നിസ്വാർത്ഥമായ ജനപിന്തുണയാണ് ജനാദേശ് പ്രതീക്ഷിക്കുന്നത്.

*വിവരങ്ങൾക്ക് : സന്തോഷ്-9947908671,*
*കൃഷ്ണകുമാർ-9447303431*